## കുട്ടനാട്ടിലെ നെല്ല് സംഭരണം

3 (*363) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെല്ല് സംഭരണം ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സംഭരണവില നിശ്ചയിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നെൽകൃഷി മേഖലയിൽ യന്ത്രവൽക്കരണം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നെൽകർഷകർക്ക് നൽകുന്ന പ്രൊഡക്ഷൻ ബോണസ് എത്ര യാണ്; ഇതു നൽകുന്നതിൽ കുടിശ്ശികയുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാ ക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)

(എ) 1999 - 2000 വർഷത്തിൽ വിരിപ്പു സീസണിൽ വെള്ള അരിയുടെ നെല്ലിന് കിന്റലിന് 600 രൂപയും മട്ട അരിയുടെ നെല്ലിന് കിന്റലിന് 650 രൂപയും സംഭരണവില നിശ്ചയിച്ച് സംഭരണം നടത്താൻ നിർദ്ദേശം നൽകിയി രുന്നു. മുണ്ടകൻ, പുഞ്ച സീസണിൽ 700-735 രൂപയാണ് സംഭരണവില നിശ്ച യിച്ചിട്ടുള്ളത്. സഹകരണ സംഘങ്ങൾ, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേ ഷൻ എന്നീ ഏജൻസികൾ നെല്ലു ശേഖരണ പ്രവർത്തനം നടത്തിവരുന്നു.

(ബി) നെൽകൃഷി മേഖലയിൽ യന്ത്രവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി കാർഷികരംഗത്ത് ചെറുകിട യന്ത്രവൽക്കരണം എന്ന പദ്ധതി നട പ്പിലാക്കി വരുന്നുണ്ട്. പഞ്ചായത്തുകൾ, പാടശേഖര സമിതികൾ, പട്ടിക ജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവയിലൂടെ പവർട്രില്ലറുകൾ, മെതിയന്ത്രങ്ങൾ എന്നിവ നൽകി വരുന്നുണ്ട്. ആറുകൊയ്ത്ത് മെതിയന്ത്ര ങ്ങൾ സർക്കാർ വാങ്ങി ന്യായമായ വാടക നിരക്കിൽ കർഷകർക്ക് നൽകിവരു ന്നുണ്ട്. 15 കൊയ്ത്തു-മെതിയന്ത്രങ്ങൾ കൂടി നൽകുന്നതിന് നടപടി പൂർത്തി യായി വരുന്നു. കൂടാതെ നെൽകൃഷി വികസന ഏജൻസികളും ജില്ലാ ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളും മെതിയന്ത്രങ്ങളും, കൊയ്തു മെതിയന്ത്ര ങ്ങളും, നടീൽ യന്ത്രങ്ങളും ഇതിനകം വാങ്ങിയിട്ടുണ്ട്.

(സി) ഹെക്ടറിന് 350 രൂപയാണ് പ്രൊഡക്ഷൻ ബോണസ്. 1998-99-ലെ ഒന്നാംവിള വരെയുള്ള ബോണസ് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന വിളയുടെ കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മാമ്മൻ മത്തായി : കൃഷി ഡിപ്പാർട്ടുമെന്റിൽനിന്നും നേരിട്ട് നെല്ല് സംഭരിക്കുന്നതിന് സാമ്പത്തിക പരാധീനതമൂലം കഴിയുന്നില്ല. ഇങ്ങനെയുള്ള അവസരത്തിലാണ് 1995-96ലെ ബഡ്ജറ്റിൽ സംസ്ക്കരണത്തിന് പ്രാഥമിക സൗകര്യം എന്ന പദ്ധതിക്കായി അനുവദിച്ച 15 ലക്ഷം രൂപയും 1996-97 ൽ ഈ വകയിലനുവദിച്ച എൺപത്തിയേഴര ലക്ഷം രൂപയും വിലസ്ഥിരത നില നിർത്തുന്നതിനുവേണ്ടി അനുവദിച്ച 145.8 ലക്ഷം രൂപയും താങ്ങുവില പ്രകാരം അനുവദിച്ച 216.07 ലക്ഷം രൂപയും ഉൾപ്പെടെ 4,49,44,000 രൂപ കൃഷി ഡയറക്ടറുടെ ജി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചത് തിരിച്ച് സംസ്ഥാന ട്രഷറി

LIBRARY ARCHIVES Kerala Legislative Assembly

യിലേക്ക് തിരിച്ചടക്കാൻ ഗവൺമെന്റ് സെക്രട്ടറി കൃഷി ഡയറക്ടർക്ക് 22.1.2000 ന് നിർദ്ദേശം നൽകുകയുണ്ടായത്. ആയത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ ബഡ്ജറ്റ് പ്രകാരം കൃഷി ഡിപ്പാർട്ടുമെന്റിലേക്ക് അനുവദിച്ചത് തിരിച്ചടക്കാൻ എന്താണ് കാരണം?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : മാർക്കറ്റിൽ ഇടപെടുന്നതിനു വേണ്ടിയിട്ട് ഗവൺമെന്റ് കൃഷി വകുപ്പിന് തുക അനുവദിക്കുന്ന തുക ഓരോ സീസണിലും നെല്ല് ശേഖരിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് വെയർഹൗസിംഗ് കോർപ്പറേഷന് ഹാന്റിലിംഗ് ചാർജ്ജായിട്ടും പ്രോസ സ്സിംങിനു വേണ്ടിവരുന്ന ചെലവിലേക്ക് കൊടുക്കാനാണ്. അത് കൊടുത്തുക ഴിഞ്ഞു.

ശ്രീ. മാമ്മൻ മത്തായി : ഞാൻ പറഞ്ഞത് കൃഷി ഡിപ്പാർട്ടുമെന്റിലേക്ക് ബഡ്ജറ്റ് പ്രകാരം കൊടുത്ത 4 കോടി 44 ലക്ഷം രൂപ തിരിച്ചടക്കാൻ പറഞ്ഞി രിക്കുകയാണ്. അത് സംസ്ക്കരണത്തിനും നെല്ല് സംഭരണത്തിനും താങ്ങു വില കൊടുക്കുന്നതിനുമുള്ള തുകയാണ്. എന്തുകൊണ്ടാണ് അത് തിരിച്ചട ക്കാൻ കാരണം. ഇതുവരെ നെല്ല് സംഭരണം നടന്നിട്ടില്ല. ഗവൺമെന്റ് നേരിട്ട് സംഭരിക്കുന്നില്ല. കൃഷി ഡിപ്പാർട്ടുമെന്റ് തുക തിരിച്ചടയ്ക്കണമെന്ന് പറയുന്ന തിന് കാരണം വ്യക്തമാക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : 1997- മുതലാണ് ഗവൺമെന്റ് നെല്ല് ശേഖരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. 1997- വിരിപ്പുകാലത്തു മുതൽ ആവശ്യമായ അളവിൽ നെല്ല് ശേഖരിക്കുന്നതിനുള്ള നടപടികൾ ഏജൻസികൾ സ്വീകരിച്ചട്ടുണ്ട്. അവർക്ക് കൊടുക്കേണ്ട ഫണ്ട് കൃത്യമായി കൊടുത്തിട്ടുണ്ട്.

ശ്രീ. സി.എഫ്. തോമസ് : കുട്ടനാട്ടിൽ സാർവ്വത്രികമായി നെല്ല് സംഭ രണ പ്രവർത്തനങ്ങൾ തീർത്തും സ്തംഭനാവസ്ഥയിലായിരിക്കുന്നു. ആ ഒരു സാഹചര്യത്തിൽ ഈ പണം കൂടി പിൻവലിച്ച് പുന:പരിശോധിച്ച് പണം കൊടുത്ത് കുട്ടനാട്ടിൽ ഇപ്പോൾ നെല്ല് സംഭരണത്തിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കുട്ടനാട്ടിൽ നെല്ല് സംഭരണത്തി നുവേണ്ടിയിട്ട് കിന്റലിന് 700 രൂപയും 735 രൂപയുമാണ് വില നിശ്ചയിച്ചിട്ടു ള്ളത്. സഹകരണ സംഘങ്ങളും, വെയർ ഹൗസിംഗ് കോർപ്പറേഷനും ചേർന്ന് 20661 കിന്റൽ നെല്ല് ഇതിനകം തന്നെ ശേഖരിച്ചിട്ടുണ്ട്. നെല്ല് ശേഖ രണം ശക്തിപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള നിർദ്ദേശം വെയർ ഹൗസിംഗ് കോർപ്പറേഷനും സഹകരണസംഘങ്ങൾക്കും നൽകിയിട്ടുണ്ട്. ശേഖരിക്കുന്ന നെല്ലിന് 60 രൂപ കിന്റലിന് ഹാന്റിലിംങ് ചാർജ് കൊടുക്കാനാണ് ഇപ്പോഴുള്ള തീരുമാനം. അതിനുള്ള പണം ആലപ്പുഴ, കോട്ടയം, പാലക്കാട്, തൃശ്ശൂർ, എറ ണാകുളം ജില്ലകളിലെ ജോയിന്റ് ഡയറക്ടർമാർക്ക് ഇതിനകംതന്നെ പൂർണ്ണ മായി നൽകികഴിഞ്ഞിട്ടുണ്ട്.

ശ്രീ. തോമസ് ചാഴികാടൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നെൽകൃഷി മേഖലയിൽ ഭാഗികമായി യന്ത്രവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി കാർഷികരംഗത്തെ ചെറുകിട യന്ത്രവൽക്കരണം എന്ന പദ്ധതി നട പ്പാക്കിയിട്ടുണ്ട് എന്നു പറഞ്ഞു. ഈ പദ്ധതിയുടെ ഭാഗമായിട്ട് കൊയ്തുയന്ത്ര ങ്ങൾ കുട്ടനാട്ടിൽ ഇപ്പോൾ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. അതിനെതി രായി ഭരണകക്ഷിയിലെ ഒരു കക്ഷിയുടെ കർഷകസംഘം കെ.എസ്.കെ.



LIBRARY ARCHIVES Kerala Legislative Assembly

ടി.യു. ഇന്ന് സമരരംഗത്താണ് എന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കുട്ടനാട്ടിൽ മെത്രിയന്ത്രങ്ങളാണ് സാർവ്വത്രികമായിട്ടുള്ളത്. കായൽ നിലങ്ങളിൽ മാത്രമാണ് കൊയ്തു മെതി യന്ത്രങ്ങൾ ആവശ്യമായിട്ടുള്ളത്. അതിന് വളരെ പരിമിതമായ എണ്ണമേ ആവ ശ്യമുള്ളൂ. അതിനെതിരായിട്ട് സമരം ആരംഭിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടില്ല.

ശ്രീ. തോമസ് ചാഴികാടൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചി പ്പിച്ചു. 700- 735 രൂപ വിലക്ക് നെല്ല് സംഭരണം നടത്തുന്നതിന് നടപടി സ്വീക രിച്ചുവെന്ന്, ഈ സമയത്തിനുള്ളിൽ എത്ര ക്വിന്റൽ നെല്ല് 735 രൂപ വിലയ്ക്ക് സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഞാൻ ഇവിടെ പറഞ്ഞു. ഇതുവ രെയായിട്ട് 20,661 ക്വിന്റൽ നെല്ല് കുട്ടനാടൻ മേഖലകളിൽനിന്ന് ഈ വിലയ്ക്ക് ശേഖരിച്ചിട്ടുണ്ടെന്ന്. സഹകരണ സംഘങ്ങളും വെയർഹൗസിംഗ് കോർപ്പറേ ഷനും ഈ വിലയ്ക്ക് ശേഖരിച്ചിട്ടുണ്ട്.

*(ചോദ്യോത്തര സമയം കഴിഞ്ഞു)*

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരം

**വാണിജ്യ ബാങ്കുകളിൽനിന്നും കാർഷികമേഖലയ്ക്ക് ലഭിക്കുന്ന വായ്പ**

4 (*364) ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യ ബാങ്കുകളിൽനിന്നും കാർഷികമേഖ ലയ്ക്ക് ലഭിക്കുന്ന വായ്പാ സൗകര്യം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) കർഷകർക്ക് ലളിതമായ നടപടിക്രമങ്ങളിലൂടെയും കുറഞ്ഞ പലിശ നിരക്കിലും വായ്പ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു;

(സി) അയൽ സംസ്ഥാനങ്ങളിലെ കർഷകർക്ക് ബാങ്ക് ലോൺ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ കർഷകർക്കും വായ്പ കുറഞ്ഞ പലിശ നിര ക്കിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്ത് വാണിജ്യ ബാങ്കുകളിൽനിന്നും കാർഷിക മേഖ ലയ്ക്ക് ലഭിക്കുന്ന വായ്പയുടെ തുകയിൽ കുറവുവന്നിട്ടില്ല. പക്ഷെ കാർഷിക വായ്പയുടെ മൊത്തം വായ്പയുമായിട്ടുള്ള അനുപാതത്തിൽ കുറവു വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly